പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ, ബി) മൂന്നാം പദ്ധതിക്കാലത്തു് സംസ്ഥാനത്തു് എട്ടു പുതിയ ലൈനുകളും പണിയുന്നതിനു് കേന്ദ്രത്തോടു് ആവശ്യപ്പെട്ടിരുന്നു. പക്ഷേ പുതിയ ലൈനുകളും പണിയുന്നതിനു് നീക്കിവച്ചിട്ടുള്ള തുക വളരെ പരിമിതമായതുകൊണ്ടു് സംസ്ഥാന ഗവണ്മെൻറു് ആവശ്യപ്പെട്ടിട്ടുള്ള റെയിൽവേപ്പാതകളും ഒന്നും തന്നെ പണിയുവാൻ നിവൃത്തിയില്ലെന്നു് കേന്ദ്രഗവണ്മെൻറു് അറിയിച്ചിട്ടുണ്ടു്.

*

കശുമാവിൻ തോട്ടങ്ങളും

* 306. [20] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഗവണ്മെൻറു് വകയായി എത്ര ഏക്കർ കശുമാവിൻ തോട്ടങ്ങളും ഉണ്ടു് ;

(ബി) 1963 ഏപ്രിൽ 1—ാം തീയതി മുതൽ ഡിസംബർ 31—ാം തീയതിവരെ എത്ര ഏക്കർ സ്ഥലത്തു് പുതിയതായി കശുമാവു കൃഷി നടത്തിയിട്ടുണ്ടു് ;

(സി) ഗവണ്മെൻറുവകയായുള്ള കശുമാവിൻ തോട്ടങ്ങളിൽ നിന്നും 1962—63 സാമ്പത്തികവർഷത്തിൽ എന്തു വരവുലഭിച്ചു ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) വനം ഡിപ്പാർട്ടുമെൻറുവക 11061·90 ഏക്കറും, കൃഷിഡിപ്പാർട്ടുമെൻറുവക 2340·50 ഏക്കറും കശുമാവിൻ തോട്ടങ്ങളും ഗവണ്മെൻറുടമയിലുണ്ടു്. കൂടുതൽ വിവരങ്ങളും അടങ്ങിയ ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും 2126·50 ഏക്കർ സ്ഥലത്തു് പുതിയതായി കശുമാവുകൃഷി നടത്തിയിട്ടുണ്ടു്. വനം വകുപ്പിൽ നിന്നും ഇല്ല.

(സി) വനം ഡിപ്പാർട്ടുമെൻറുവക തോട്ടങ്ങളിൽനിന്നും 24588·47 രൂപ വരവുലഭിച്ചു. കൃഷിഡിപ്പാർട്ടുമെൻറുവക കശുമാവിൻ തോട്ടങ്ങളിൽ നിന്നും വരവില്ല. തോട്ടങ്ങളിലെ മേയാനുള്ള പുല്ലു് വിറ്റ വകയിൽ 185 രൂപ 70 നയാപൈസ വരവു ലഭിച്ചിട്ടുണ്ടു്.

റൂറൽ വാട്ടർസപ്ലൈ സ്കീം

* 307. [21] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റൂറൽ വാട്ടർ സപ്ലൈസ്കീം അനുസരിച്ചു് എത്ര പദ്ധതികളും ഈ സാമ്പത്തിക വർഷം ആരംഭിച്ചു ;

(ബി) ആലപ്പുഴ ഡി. സി. സി. അംഗീകരിച്ച മല്ലപ്പള്ളി എഴുമറ്റൂർ റൂറൽ വാട്ടർസപ്ലൈസ്കീമിൻെറ ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞിട്ടു് എത്ര നാളായി;

(സി) അതിൻെറ എസ്റ്റിമേറ്റുകളും തയ്യാറായിക്കഴിഞ്ഞോ ;

(ഡി) ഈ പദ്ധതികളും രണ്ടും ഉടനടി ആരംഭിക്കാൻ നിർദ്ദേശം നൽകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 8 (എട്ടു്)

† Appendix V

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see Answer to Starred Question No.* 306 (20)]

വനംഡിപ്പാർട്ടുമെൻറുവക.

തൃശ്ശൂർ ഡിവിഷൻ	വടക്കാഞ്ചേരി	7048	ഏക്കർ
	പീച്ചി	171	,,
പാലക്കാടു്	കാലടി—കാരക്കാടു്	500	,,
	പരിയാരം—ആരേശ്വരം	775	,,
പാലക്കാടു്	മണ്ണാർക്കാടു്	263	,,
റാന്നി	അടുകഴി	106.70	,,
തിരുവനന്തപുരം	പാലോടു്—പരുത്തിപ്പള്ളി	1070	,,
വയനാടു്	കാസർകോടു്	1723	,,
	കന്നോത്തു്	5.20	,,
	ആകെ	11661.90	

കൃഷിഡിപ്പാർട്ടുമെൻറുവക.

കണ്ണൂർജില്ലയിൽ കാസർഗോഡുതാലൂക്കിൽ മൂലിയാർവില്ലേജിൽ 615.50 ഏക്കറും ആട്ടൂർവില്ലേജിൽ 1082.50 ഏക്കറും ഹോസുദുർഗ്ഗു് താലൂക്കിൽ പെരിയിവില്ലേജിൽ 642.50 ഏക്കറും കശുമാവിൻതോട്ടങ്ങളും ഉണ്ടു്. അങ്ങനെ ആകെ 2340.50 ഏക്കർ തോട്ടമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly